(ബി) എസ്.എസ്.എ.-യിൽ ഹൈസ്കൂൾ വിഭാഗത്തിൽ 395 പേരേയും പ്രൈമറി വിഭാഗത്തിൽ 257 പേരേയും ട്രയിനർമാരായി നിയമിച്ചിട്ടുണ്ട്. അനദ്ധ്യാപകരെ ആരേയും നിയമിച്ചിട്ടില്ല.

പ്രൊട്ടക്റ്റഡ് ഹൈസ്കൂൾ വിഭാഗത്തിൽ 175 പേരെയും പ്രൊട്ടക്റ്റഡ് പ്രൈമറി വിഭാഗത്തിൽ 106 പേരെയും ട്രയിനർമാരായി നിയമിച്ചിട്ടുണ്ട്.

ജില്ലാതല ട്രെയിനർമാരുടെ കണക്ക് ഇപ്രകാരമാണ്:

	ഹൈസ്കൂൾ	പ്രൈമറി
കൊല്ലം	72	36
പത്തനംതിട്ട	15	30
ആലപ്പുഴ	53	24
കോട്ടയം	53	26
എറണാകുളം	37	26
തൃശ്ശൂർ	38	26
കോഴിക്കോട്	55	45
കണ്ണൂർ	72	44
ആകെ	395	257

അദ്ധ്യാപക വിഭാഗത്തിൽനിന്നും നാല് പേരെ പ്രോജക്ട് ഓഫീസർമാരായും നാലുപേരെ പ്രോഗ്രാം ഓഫീസർമാരായും 134 പേരെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്.

(സി) 2010-ൽ ആണ് എസ്.എസ്.എ. പദ്ധതി അവസാനിക്കുന്നത്. ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുടെ സഹായത്താൽ പദ്ധതി തടസ്സം കൂടാതെ നടപ്പാക്കിവരുന്നു. എന്നിരുന്നാലും ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം ഉടൻ നടത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്.

എസ്. എസ്.എ. പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനായി ജില്ലാതല സമിതി

147 (2866) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം ഏതനുപാതത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സംസ്ഥാന വിഹിതം ഏത് വകുപ്പ് വഴിയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന വിഹിതം മേൽപദ്ധതി നടപ്പിലാക്കാൻ വിനിയോഗിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പോ പ്ലാനിംഗ് ബോർഡോ നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാ തലത്തിൽ കാര്യങ്ങൾ തീരുമാനിക്കാനായി ഏതെങ്കിലും തരത്തിലുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 85:15 എന്ന അനുപാതത്തിലും 10-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 75:25 എന്ന അനുപാതത്തിലും അതിനുശേഷം 50:50 എന്ന അനുപാതത്തിലുമാണ് കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതം.

(ബി) കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും പ്രൈമറി എഡ്യൂക്കേഷൻ ഡെവലപ്മെന്റ് സൊസൈറ്റി മുഖേനയാണ് ചെലവഴിക്കുന്നത്.

(സി) സംസ്ഥാന വിഹിതത്തിന്റെ മാത്രം കാര്യത്തിൽ പ്രത്യേക നിർദ്ദേശമൊന്നുമില്ല. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും കൂടിയുള്ള തുക അംഗീകൃത ബഡ്ജറ്റിലെ അനുവദനീയമായ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ നിർദ്ദേശങ്ങൾ ഉണ്ട്.

(ഡി) ജില്ലാതല ആസൂത്രണസമിതി, ജില്ലാ വർക്കിംഗ് ഗ്രൂപ്പ്, ജില്ലാ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവയെയാണ് ജില്ലാതലത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്നതിനും നടപ്പിലാക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ളത്.

ഡി.പി.ഇ.പി. വിദ്യാഭ്യാസ പരിപാടിയുടെ പുരോഗതി

148 (2867) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി) ഇപ്പോൾ സംസ്ഥാനത്തെ എത്ര ജില്ലകളിൽ നടപ്പിലാക്കിവരുന്നു ;

(ബി) ഈ വിദ്യാഭ്യാസ പരിപാടിയുടെ ഗുണനിലവാരം മെച്ചമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

(സി) ഈ വിദ്യാഭ്യാസ പരിപാടിയിലൂടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) ഈ വിദ്യാഭ്യാസ പദ്ധതി മെച്ചപെടത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായം പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) ഡി.പി.ഇ.പി 2003 ജൂൺ മാസം 30-ാം തീയതിയോടെ അവസാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly